(7) ചേരാനല്ലൂർ, ഉദയംപേരൂർ പഞ്ചായത്തുകളിലും തൃപ്പൂണിത്തുറ മുനിസിപ്പൽ പ്രദേശങ്ങളിലും അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം

ശ്രീ. കെ. ബാബു : സർ, തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ചേരാനല്ലൂർ, ഉദയംപേരൂർ പഞ്ചായത്തുകളിലും തൃപ്പൂണിത്തുറ നഗരസഭാ പ്രദേശത്തും കൊച്ചി നഗരസഭയിലെ വെണ്ണല, തൈക്കൂടം പ്രദേശത്തും അതി രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. മഴക്കാലത്തുപോലും ഈ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഉദയംപേരൂർ പഞ്ചായത്തിനുവേണ്ടി 'ആമ്പല്ലൂർ ആന്റ് അഡ്ജോയിനിംഗ് സ്കീം' എന്നപേരിൽ കക്കാട് ഒരു കുടിവെള്ള പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. എന്നാൽ ആമ്പല്ലൂർ, ഇടക്കാട്ടുർ വയൽ പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കി. ഉദയംപേരൂർ പഞ്ചായത്തിനെ ഒഴിവാക്കി കമ്മീഷൻ ചെയ്യാൻ പോകുന്നതായി കേൾക്കുന്നു. അതുപോലെതന്നെ ചേരാനല്ലൂർ പഞ്ചായത്തിൽ ടാങ്കർ ലോറിയിൽ വെള്ളം ഇതുവരെ നൽകിയിരുന്നു. അതും നിർത്തലാക്കിയിരിക്കുകയാണ്. വാട്ടർ അതോറിറ്റി ഈ പ്രദേങ്ങളിൽ കുടിവെള്ളം എത്തിക്കുന്ന കാര്യത്തിൽ പരാജയപ്പെടുന്ന സാഹചര്യത്തിൽ ടാങ്കർ ലോറികളിലെങ്കിലും വെള്ളം എത്തിച്ചു കൊടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, രാവിലെ ഒരു ശ്രദ്ധക്ഷണിക്കൽ വഴി കൊച്ചിയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്തതാണ്. കൊച്ചി കോർപ്പറേഷനും സമീപ മുനിസിപ്പൽ പഞ്ചായത്തുകളും ഉൾക്കൊള്ളുന്ന വിശാലകൊച്ചി പ്രദേശത്തെ 15 ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ജലത്തിന്റെ പ്രതിദിന ആവശ്യം 448.5 ദശലക്ഷം ലിറ്റർ ആണ്. എന്നാൽ 190 ദശലക്ഷം ലിറ്റർ ജലം മാത്രമേ ഈ പ്രദേശങ്ങളിൽ വിതരണം ചെയ്യുവാൻ സാധിക്കുന്നുള്ളൂ. ഹഡ്കോ പദ്ധതിയുടെ ഭാഗമായി 35.7 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ശുദ്ധീകരണശാലയുടെ പണി കഴിഞ്ഞിട്ടുണ്ടെങ്കിലും 1200 എം.എം. പമ്പിംഗ് മെയിനിന്റെ പണി തീരാത്തതു കൊണ്ട് ഈ ജലം കൊച്ചിയിൽ എത്തിക്കുവാൻ കഴിയുന്നില്ല. ഈ പദ്ധതിയുടെ പ്രധാന തടസ്സം സ്ഥലമെടുപ്പിന് ജനങ്ങളിൽ നിന്നുണ്ടായ എതിർപ്പായിരുന്നു. ഇത് പരിഹരിക്കുന്നതിന് ഞാൻ ഒരു പാക്കേജ് പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഫലമായി എതിർപ്പുകൾ എല്ലാം തന്നെ ഇല്ലാതായിട്ടുണ്ട്. ഡി.എഫ്.ഐ.ഡി. പദ്ധതി പ്രകാരം ഗ്രാന്റായി ലഭിക്കുന്ന 17 കോടിയോളം രൂപ ഉപയോഗിച്ച് പശ്ചിമ കൊച്ചിയിലെ പഴകി കേടുവന്ന ജലവിതരണ കുഴലുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുക, വെണ്ടുരുത്തിപ്പാലത്തിൽക്കൂടി കടന്നുപോകുന്ന പഴയ പൈപ്പുകൾ മാറ്റി പുതിയ സ്റ്റീൽ പൈപ്പുകൾ സ്ഥാപിക്കുക, പെരുമാനൂരിൽ പമ്പും പമ്പുഹൗസും നിർമ്മിക്കുക എന്നീ പണികൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ വൈദ്യുതി തകരാറുകൾ പൂർണ്ണമായി ഒഴിവാക്കുവാൻ ആലുവായിൽ ഒരു 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് 'TELK' നൽകിയ 7.84 കോടി രൂപയ്ക്കുള്ള ഓഫർ പരിശോധനയിലാണ്. പദ്ധതി 2002 ഡിസംബർ 31-ന്

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ പൂർത്തീകരണത്തോടെ ചേരാനല്ലൂരും തൃപ്പൂണിത്തുറയിലും കൊച്ചി കോർപ്പറേഷന്റെ കിഴക്കൻ ഭാഗങ്ങളിലുമുള്ള ശുദ്ധജലക്ഷാമത്തിന് പരിഹാരമുണ്ടാകുന്നതാണ്. കൂടാതെ, ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന ആമ്പല്ലൂരും സമീപ പഞ്ചായത്തുകൾക്കുമുള്ള ജലവിതരണ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ ഉദയംപേരൂർ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം ഉണ്ടാകും.

(8) ഒ.ഇ.സി.എഫ്.ന്റെ സഹായത്തോടുകൂടി കോഴിക്കോട് സമഗ്ര ശുദ്ധജലവിതരണ പദ്ധതി

ശ്രീ. എം. ദാസൻ : സർ, കോഴിക്കോട് നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനുവേണ്ടി ഒരു സമഗ്ര ശുദ്ധജലവിതരണ പദ്ധതി കോഴിക്കോട് നഗരത്തിൽ നടപ്പിലാക്കുന്നതിന് നേരത്തെ പദ്ധതികൾ ആവിഷ്ക്കരിച്ചിരുന്നു. അതിന്റെ ഭാഗമായിട്ടാണ് ഒ.ഇ.സി.എഫ്.ന്റെ സഹായത്തോടുകൂടി സമഗ്രമായ ഒരു ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചത്. ഈ പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ട് കാലം കുറെയായി. എന്താണ് ഈ പദ്ധതിയുടെ അവസ്ഥയെന്ന് മനസ്സിലാകുന്നില്ല. കോഴിക്കോട് നഗരത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അവിടത്തെ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുക എന്നുള്ളത് അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് അടിയന്തിരമായി ഒ.ഇ.സി.എഫ്.ന്റെ സഹായത്തോടുകൂടിയുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, 25-2-1997-ൽ കേന്ദ്ര സർക്കാരും ഒ.ഇ.സി.എഫ്.ഉം (ഇപ്പോൾ ജെ.പി.ഐ.സി) തമ്മിൽ ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ സപ്ലൈ പ്രോജക്ട് എന്ന പേരിൽ നടപ്പാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന 5 പദ്ധതികളിൽ ഒന്നാണ് കോഴിക്കോട് നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി. 5 പദ്ധതികൾക്കുമുള്ള മൊത്തം മതിപ്പ് ചെലവ് 1787.45 കോടി രൂപയാണ്. കരാറനുസരിച്ച് 382.07 കോടി രൂപ കേരള വാട്ടർ സപ്ലൈ പ്രോജക്ട് നടപ്പിലാക്കുവാൻ കേരള വാട്ടർ അതോറിറ്റിക്ക് ആദ്യഘട്ടത്തിലായി ലഭിക്കും. കരാർ പ്രകാരം പദ്ധതി നടത്തിപ്പിന് കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ട്. പദ്ധതിയുടെ കൺസൾട്ടന്റിന്റെ നിയമനം നടക്കാത്തതിനാൽ വായ്പ ലഭിച്ചു തുടങ്ങിയിട്ടില്ല. പദ്ധതി 2003 ഡിസംബറിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കോഴിക്കോട് നഗരത്തിനും സമീപത്തുള്ള 16 ഗ്രാമങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ഈ പ്രദേശങ്ങളിലെ 10 ലക്ഷത്തോളം പേർക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഉറവിടം കുറ്റ്യാടി പുഴയിലുള്ള പെരുവണ്ണാമൂഴി ജലസംഭരണിയാണ്. പ്രതിദിനം 144 ദശലക്ഷം ലിറ്റർ ശുദ്ധജലം ഉൽപ്പാദിപ്പിക്കുവാൻ കഴിവുള്ള ശുദ്ധീകരണശാലയാണ് നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിലുള്ള കോഴിക്കോട് പദ്ധതിയുടെ പുനരുദ്ധാരണവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly